## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1544 | 06-03-2020 ൽ മറുപടിയ്ക്ക്

### ഹജ്ജ് തീർത്ഥാടനം

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | | ഉത്തരം<br>ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് ഹജ്ജ് തീർത്ഥാടകർക്കായി സർക്കാർ നൽകി വരുന്ന സേവനങ്ങൾ വിശദീകരിക്കുമോ; | (എ) ഹജ്ജ് അപേക്ഷ സമർപ്പണം മുതൽ ഹജ്ജ് പുറപ്പെടുന്നതുവരെ എല്ലാവിധ സാങ്കേതിക സഹായങ്ങളും സർക്കാർ ഭാഗത്ത് നിന്നും നൽകുന്നുണ്ട്. ഹജ്ജ് അപേക്ഷകൾ ഓൺലൈൻ വഴി ചെയ്യുന്നതിന് സർക്കാറിന്റെ കീഴിലുള്ള അക്ഷയ കേന്ദ്രങ്ങൾ മികച്ച പിന്തുണയാണ് നൽകി വരുന്നത്. ഹജ്ജ് യാത്ര പുറപ്പെടുന്നതിന് മുമ്പായി ഹാജിമാർക്ക് മൂന്ന് ഘട്ടങ്ങളിലായി പരിശീലനങ്ങൾ നൽകുന്നതിന് സർക്കാർ സംവിധാനങ്ങളിലുള്ള ഓഡിറ്റോറിയങ്ങളും കോൺഫറൻസ് ഹാളുകളും സൗജന്യമായും കുറഞ്ഞ നിരക്കിലും നൽകാറുണ്ട്. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ഹജ്ജ് തീർത്ഥാടകർക്ക് ഓറൽ പോളിവാക്സിനേഷനും പ്രതിരോധ കുത്തിവെപ്പും ആരോഗ്യപരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും വിദഗ്ദ്ധ ഡോക്ടർമാരുടെയും നിർദ്ദേശങ്ങളും ഹജ്ജ് തീർത്ഥാടകർക്ക് നൽകുന്നുണ്ട്. ഹജ്ജ് തീർത്ഥാടകർ യാത്ര പുറപ്പെടുന്ന വേളയിൽ ഹജ്ജ് ക്യാമ്പിലെ മുഴുവൻ സേവനങ്ങളും സംസ്ഥാന സർക്കാർ ഒരുക്കുന്നുണ്ട്. ക്യാമ്പിന്റെ സുഗമമായ പ്രവർത്തനത്തിനും വിവിധ വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനും, ക്യാമ്പിലെ ഹജ്ജ് സെല്ലിലേയ്ക്ക് ആവശ്യമായ സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നുണ്ട്. കൂടാതെ ഹജ്ജ് യാത്രാ വേളയിൽ ഹാജിമാരെ സൗദി അറേബ്യയിൽ |

സഹായിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ മുസ്ലിം സമുദായത്തിലെ ജീവനക്കാരെ ഹജ്ജ് വാളന്റിയർമാരായി തെരഞ്ഞെടുത്ത് അയക്കുന്നു. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റ് ഇൻ എയ്ഡും അനുവദിക്കാറുണ്ട്.

(ബി) ഹജ്ജ് തീർത്ഥാടന സഹായ കേന്ദ്രങ്ങൾ ഇപ്പോൾ സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രവർത്തിച്ച് വരുന്നതെന്നറിയിക്കുമോ;

(ബി) 2020 ഹജ്ജിന്റെ അപേക്ഷ സമർപ്പണത്തിന് ഹാജിമാരെ സഹായിക്കുന്നതിന് വേണ്ടി സംസ്ഥാന ഹജ്ജ് കമ്മിറ്റി താഴെ പറയുന്ന സ്ഥലങ്ങളിൽ താൽക്കാലിക ഹജ്ജ് അപേക്ഷ സമർപ്പണ ഓൺലൈൻ കേന്ദ്രം 10/10/2019 മുതൽ 17/12/2019 വരെയായി വിവിധ സമയക്രമങ്ങളിൽ പ്രവർത്തിച്ചിരുന്നു. മേൽ കേന്ദ്രങ്ങളിൽ സൗജന്യമായി ഹജ്ജ് അപേക്ഷ നൽകുന്നതിന് അവസരം ഒരുക്കിയിരുന്നു

| നം | ജില്ല | പ്രദേശങ്ങൾ |
|---|---|---|
| 1 | കോഴിക്കോട് | കുറ്റ്യാടി, വടകര, കുന്ദമംഗലം, കൊടുവള്ളി, മാവൂർ, ഉള്ള്യേരി. |
| 2 | മലപ്പുറം | തിരൂർ, കൊണ്ടോട്ടി, മഞ്ചേരി, മലപ്പുറം. |
| 3 | എറണാകുളം | പെരുമ്പാവൂർ, ആലുവ |
| 4 | കണ്ണൂർ | തലശ്ശേരി. |

കൂടാതെ ഹജ്ജിന് അവസരം ലഭിച്ച ഹാജിമാരുടെ പാസ്പോർട്ടും അനുബന്ധ രേഖകളും സ്വീകരിക്കുന്നതിന് ഈ വർഷം പ്രത്യേക താൽക്കാലിക സ്വീകരണ കേന്ദ്രം ഹജ്ജ് കമ്മിറ്റി ഓഫീസ് ജീവനക്കാരുടെ നേതൃത്വത്തിൽ ജനുവരി 29,30 ദിവസങ്ങളിൽ എറണാകുളത്തും 30,31 തീയതികളിൽ കണ്ണൂരും പ്രവർത്തിച്ചിരുന്നു. അതോടൊപ്പം ജനുവരി 16 മുതൽ ഫെബ്രുവരി 25 വരെ കരിപ്പൂരിലെ ഹജ്ജ് ഹൗസിലും പാസ്പോർട്ട് സ്വീകരണ കേന്ദ്രം പ്രവർത്തിച്ചിരുന്നു.

(സി) ഹജ്ജ് തീർത്ഥാടകർക്കായി കൂടുതൽ സഹായകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

(സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ